**പതിമൂന്നാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1590

21.03.2012 ൽ താല്ക്കാലിക മറുപടി നൽകിയിരുന്നത്

## കർഷകകടാശ്വാസക്കമ്മീഷന്റെ പ്രവർത്തനം

| **ചോദ്യം**<br>ശ്രീമതി ഇ. എസ്. ബിജിമോൾ | **മറുപടി**<br>ശ്രീ. കെ.പി. മോഹനൻ<br>(ബഹു: കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കർഷകകടാശ്വാസക്കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് എന്തു തുക അനുവദിച്ചു; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർഷകകടാശ്വാസക്കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി 83.5 ലക്ഷം രൂപ നോൺ പ്ലാൻ ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. കൂടാതെ കമ്മീഷൻ ചെയർമാന് ഔദ്യോഗിക വാഹനം വാങ്ങുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്ന് അനുവദിച്ച 12,21,272/-രൂപയിൽ 11,41,860/- രൂപ കാർ വാങ്ങുന്നതിനായി ചെലവാക്കിയിട്ടുണ്ട്. |
| (ബി) കടാശ്വാസക്കമ്മീഷന്റെ ഉത്തരവ് നിലനിൽക്കെ ബാങ്കുകളും സഹകരണ സ്ഥാപനങ്ങളും കർഷകർക്കെതിരെ ജപ്തി നടപടി കൈക്കൊള്ളുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) കടാശ്വാസക്കമ്മീഷന്റെ ഉത്തരവുപ്രകാരം ബാങ്കുകൾക്ക് നൽകേണ്ട ആകെ തുക എത്രയെന്ന് വ്യക്തമാക്കാമോ; | (സി) 21.03.2012- ലെ കണക്കുകൾ പ്രകാരം കടാശ്വാസവിതരണത്തിനായി സർക്കാർ അനുവദിച്ചിരുന്ന തുകയിൽ 7,10,21,063/- രൂപ വിതരണം ചെയ്യാൻ ബാക്കിയുണ്ടായിരുന്നു. |
| (ഡി) കടാശ്വാസക്കമ്മീഷനിൽ ഇനിയും തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം എത്രയെന്ന് വെളിപ്പെടുത്തുമോ ? | (ഡി) കടാശ്വാസക്കമ്മീഷനിൽ ഇനിയും തീർപ്പാക്കാനായി 1,02,780 അപേക്ഷകൾ (21.03.2012-ലെ കണക്ക് പ്രകാരം) ബാക്കിയുണ്ട്. |

**സെക്ഷൻ ഓഫീസർ**